'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പെൻഷൻ പദ്ധതിയായ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് "2217-80-001-91 (10) CONTRIBUTION TO THE MUNCIPAL COMMON SERVICE CENTRAL PENSION FUND" എന്ന ശീർഷകത്തിൽ എസ്ഡിജി ഫസ്റ്റ് ബാച്ചായി അനുവദിച്ച 50 കോടി രൂപ റിലീസ് ചെയ്യുന്നതിന് ഭരണാനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.305/2020/ത.സ്വ.ഭ.വ  തീയതി,തിരുവനന്തപുരം, 05/02/2020

---

പരാമർശം:- 1 ധനകാര്യ (ബഡ്ജറ്റ് വിംഗ്) വകുപ്പിന്റെ 05/07/2019 തീയതിയിലെ ജെ2/12/2019/ധന നമ്പർ അനൗദ്യോഗിക കുറിപ്പ്.

2 നഗരകാര്യ ഡയറക്ടറുടെ 21/03/2019, 18/06/2019, 01/07/2019, 24/08/2019 തീയതികളിലെ പി6/18226/2016 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പെൻഷൻ പദ്ധതിയായ സെൻട്രൽ പെൻഷൻ ഫണ്ടിലാണ് ജീവനക്കാരുടെ മൊത്തം ശമ്പളത്തിന്റെ 15% പെൻഷൻ കോൺട്രിബ്യൂഷനായി ഒടുക്കുന്നതെന്നും, ഇതിൽ നിന്നാണ് നഗരസഭകൾക്ക് പെൻഷൻ അലോട്ട്മെന്റ് നൽകുന്നതെന്നും, എന്നാൽ കാലാകാലങ്ങളിലുള്ള ശമ്പളപരിഷ്കരണം, ക്ഷാമബത്ത എന്നീ ഇനങ്ങളിൽ വരുന്ന അധിക ചെലവ് മൂലം പെൻഷൻ ആനുകൂല്യങ്ങൾ (ഡി.സി.ആർ.ജി, കമ്മ്യൂട്ടേഷൻ) ചെലവ് ക്രമാതീതമായി ഉയരുകയും അതിന് ആനുപാതികമായി വരവ് (പെൻഷൻ കോൺട്രിബ്യൂഷൻ) വർദ്ധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും, നിലവിൽ 31/01/2019 വരെ പെൻഷൻ അലോട്ട്മെന്റിനത്തിൽ നഗരസഭകൾക്ക് 421,35,38,015/- രൂപ നൽകുവാനുണ്ടെന്നും, ആയതിനാൽ 2019-20 സാമ്പത്തിക വർഷത്തിൽ മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പെൻഷൻ പദ്ധതിയായ

സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് എസ്ഡിജി ഫസ്റ്റ് ബാച്ചായി "2217-80-001-91 (10) CONTRIBUTION TO THE MUNCIPAL COMMON SERVICE CENTRAL PENSION FUND" എന്ന ശീർഷകത്തിൽ അനുവദിച്ച 50 കോടി രൂപ റിലീസ് ചെയ്തുതരണമെന്ന് പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ അഭ്യർത്ഥിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2019-20 സാമ്പത്തിക വർഷത്തിൽ മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പെൻഷൻ പദ്ധതിയായ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് എസ്ഡിജി ഫസ്റ്റ് ബാച്ചായി "2217-80-001-91 (10) CONTRIBUTION TO THE MUNCIPAL COMMON SERVICE CENTRAL PENSION FUND" എന്ന ശീർഷകത്തിൽ അനുവദിച്ച 50 കോടി രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) & (എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
ധനകാര്യ (ഡവലപ്പ്മെന്റ് വിഭാഗം / ബഡ്ജറ്റ് വിഭാഗം)) വകുപ്പ്
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ